ഉത്തരം

(എ) 67 കേസ്സുകൾ

(ബി) മുകുന്ദൻ, ചന്ദ്രിക, കൃഷ്ണൽ, നവജാത ശിശു, ശങ്കരൻ കുട്ടി, മാത്യൂമേരി, തങ്കച്ചൻ, മേരി എന്ന ഭവാനി, റോയി, ഭാസ്കരൻ, ഷിഹനാഥ്, സുരേഷ്, നന്ദനൻ, രാജൻ, മഞ്ജുമോൾ, വെള്ളാൻ, കഞ്ഞുകൃഷ്ണൻ നമ്പ്യാർ, ജോസഫ്, ദേവകി, ഫ്രാൻസിസ്, അനിൽ ജോർജ്ജ്, സുശീല, റുബീന, രാമു, കുഞ്ഞി, വേലായുധൻ, പാത്തുമ്മ, പായൽ, വേലുത്തിരി, സത്യപാലൻ, വാസു, ആതിര, രാമു, രമേശ് എന്ന മനു, ശോഭ, ഷാജി, വേലുസാൽ, നവജാതശിശു, മാത്യു, കമലാക്ഷിയമ്മ, നിർമ്മല എന്ന കൂരി, സൈമൺ എന്ന അച്ചൻകുഞ്ഞ്, റോസമ്മ, ജോസ്, നിഥിൻ, കാളി, കുക്കു, ലളിത, ബാബു, നവജാതശിശു, ബോബിൻ, വിബിൻരാജ്, പാത്തുക്കുട്ടി, കുര്യൻ എന്ന ജോണി, ചിന്നമ്മ, ഷിഗോജ്, ലക്ഷ്മണൻ, മോയ്തിൻ കോയ, നിഷിദ, ഗുൽസൺ, എൽസി, ഹൈമൻ, മണിയൻ പെമിനി, കുള്ളൻ, ലിയോ, നവജാതശിശു, അഹമ്മദ്, നവജാതശിശു, സുബ്രമണ്യൻ, ചിമ്പൻ.

(സി) 40 കേസ്സുകൾ

(ഡി) ഷാജി, സൈമൺ എന്ന അച്ചൻകുഞ്ഞ്, കാളി, കമലാക്ഷിയമ്മ, വെളുമൺ സുശീല, കുഞ്ഞി, പാത്തുമ്മ, രമ്യ, രമേശ് എന്ന മനു, ശോഭ, ലളിത, സാജു, കുക്കു, ചന്ദ്രിക, ശങ്കരൻകുട്ടി, മേരി, തങ്കപ്പൻ, റോയി, സുരേഷ്, നന്ദനൻ, മഞ്ജുമോൾ, വെള്ളൽ, കുഞ്ഞി കൃഷ്ണൻ നമ്പ്യാർ, ചിമ്പൻ, കുള്ളൻ, ആതിര ദേവകി, രാജൻ സത്യപാലൻ, വിപിൻ രാജ്, നിതിൻ, നവജാതശിശു, ലക്ഷ്മൺ, നിഷിത, മണിയൻ, ഫെമിന, പാത്തുക്കുട്ടി, ലിയോ സുബ്രമണ്യൻ, ജോണി, ചിന്നമ്മ, ഷിനോജ്, അഹമ്മദ്.

(ഇ) 23 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്. 1. ക്രൈം 7/98 (കമ്പളക്കാട് പി.എസ്) 2. 79/97 (വൈത്തിരി പി.എസ്.) 3. 58/97, 112/99 (പടിഞ്ഞാറേത്തല) 4. 91/98, 270/98 (പുൽപ്പള്ളി) 5. 36/98, 112/98, 71/99 (കേണിച്ചിറ) 6. 168/96, 133/99 (മേപ്പാടി) 7.188/97 (കൽപ്പറ്റ) 8.273/96, 337/96 (വൈത്തിരി) 9. 127/96, 180/96 (അമ്പലവയൽ) 10. 75/96 (ആലപ്പുഴ) 11. 86/96, 145/96, 18/98 (വെള്ളമുണ്ട) 12. 36/97, 295/98, 167/97 (മാനന്തവാടി)

(എഫ് & ജി) വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 86/96 യു/എസ് 302 ഐ.പി.സി. കേസ്സിലെ പ്രതിയെ ജീവപര്യന്തം തടവിന് ശിക്ഷിച്ചിട്ടുണ്ട്.

കൊയിലാണ്ടി പോലീസ് സ്റ്റേഷനു നേരെ കല്ലെറിഞ്ഞ സംഭവം

57 (3247) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994 നവംബർ 25-ന് അന്നത്തെ സഹകരണ വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. എം. വി. രാഘവനെ വഴിതടഞ്ഞതിന്റെ പേരിലുണ്ടായ വെടിവയ്പ്പിൽ ചിലർ മരിച്ചതിനെത്തുടർന്ന് പ്രതിഷേധ പ്രകടനം നടത്തിയവർ കൊയിലാണ്ടി പോലീസ് സ്റ്റേഷനുനേരെ കല്ലെറിയുകയുണ്ടായോ ;

(ബി) ഈ കല്ലേറിൽ എത്ര പോലീസുകാർക്ക് പരിക്കേറ്റു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് എത്ര പേർക്കെതിരെ കേസ്സെടുത്തു.

(ഡി) ഈ കേസ് പിൻവലിക്കാൻ കോടതിയുടെ അനുവാദം തേടുകയുണ്ടായോ ;

(ഇ) എങ്കിൽ കോടതി അതിന് അനുവാദം നൽകിയോ ;

(എഫ്) ഇല്ലാത്തപക്ഷം ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കല്ലേറുണ്ടായി.

(ബി) ആറു പോലീസുകാർക്ക് പരിക്കേറ്റു.

(സി) 46 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(ഡി) അനുവാദം തേടുകയുണ്ടായി.

(ഇ & എഫ്) കേസിന്റെ വിചാരണ ഇപ്പോൾ നടന്നുവരികയാണ്.

പോലീസുകാരുടെ പാർപ്പിട നിർമ്മാണം

58 (3248) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പോലീസുകാർക്ക് പാർപ്പിടം നിർമ്മിക്കുന്ന പണി തുടങ്ങിയത് എന്നാണ് ;

(ബി) പാർപ്പിട നിർമ്മാണം നടത്താൻ ഏതെങ്കിലും പോലീസ് ഡ്രൈവറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഡ്രൈവർമാർ ഇല്ലാത്തതിനാൽ പോലീസുകാർക്ക് ഡ്രൈവറുടെ ഡ്യൂട്ടി ചെയ്യാൻ അധികാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ എ.ആർ.ക്യാമ്പിൽ പോലീസുകാർക്ക് ആദ്യമായി ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിച്ചത് 1988-ൽ ആണ്. പുതിയ ക്വാർട്ടേഴ്സുകളുടെ നിർമ്മാണം ആരംഭിച്ചത് 1998-ൽ ആണ്.

(ബി) ഇല്ല.

(സി) പോലീസ് സ്റ്റേഷനുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ പോലീസ് ഡ്രൈവർമാരുടെ അഭാവം ഉണ്ടായാൽ അത്തരം സാഹചര്യത്തിൽ അടിയന്തിര ഡ്യൂട്ടി ചെയ്യുന്നതിലേക്കായി വാഹനം ഓടിക്കുവാൻ നിയമാനുസൃതം ലൈസൻസുള്ള പോലീസുകാരുടെ സേവനം ഉപയോഗിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly